തർബിയത്ത് ● ശൈഖ് മുഹമ്മദ് കാരകുന്ന്

# പശ്ചാത്താപത്തിലൂടെ പരിശുദ്ധിയിലേക്ക്

**മനുഷ്യരൊക്കെയും** തെറ്റു പറ്റുന്നവരാണ്. ചെറുതോ വലുതോ ആയ പാപം ചെയ്യാത്ത ആരുമുണ്ടാവില്ല. ഇക്കാര്യം മനുഷ്യനെ ബോധ്യപ്പെടുത്താനാണ് ഖുർആൻ ആദം നബിയുടെ കഥ വിവരിച്ചത്. തെറ്റ് പറ്റിയാൽ പരിഹാരമെന്തെന്ന് പഠിപ്പിക്കാനും.

മനുഷ്യൻ പലതും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അവയിൽ തെറ്റും ശരിയുമുണ്ടാവും. ശാരീരികേഛകളും മനസ്സിന്റെ മലിന മോഹങ്ങളും മനുഷ്യനെ പാപങ്ങൾക്ക് പ്രേരിപ്പിച്ചുകൊണ്ടിരിക്കും. വിശ്വാസദാർഢ്യവും ഇഛാശക്തിയും മനക്കരുത്തുമുള്ളവർ മിക്ക സന്ദർഭങ്ങളിലും അവയെ അതിജയിക്കും. അതിനാലവർ അപൂർവമായേ പാപങ്ങളിലകപ്പെടുകയുള്ളൂ. എങ്കിലും തീർത്തും പാപമുക്തമായ ജീവിതം നയിക്കുക അസാധ്യം.

അല്ലാഹു പരമകാരുണികനാണ്. തന്റെ സൃഷ്ടികളോട് അതിരറ്റ ദയയുള്ളവനും. അതിനാലവൻ കുറ്റവാളികളെ കൈവിടുകയില്ല. പാപമോചനം തേടുന്നവരെ സ്നേഹപൂർവം സ്വീകരിക്കുന്നു. പശ്ചാത്തപിക്കുന്നവരെ പാപമുക്തരാക്കുന്നു. "ആരെങ്കിലും താൻ ചെയ്ത അക്രമത്തിനു ശേഷം പശ്ചാത്തപിക്കുകയും സ്വന്തം കർമങ്ങൾ നന്നാക്കുകയും ചെയ്യുന്നുവെങ്കിൽ അറിയുക: അല്ലാഹു ഏറെ പൊറുക്കുന്നവനും പരമകാരുണികനുമത്രെ" (6:54).

പ്രവാചകൻ പറഞ്ഞു: "പകൽ പാപം ചെയ്തവരുടെ പശ്ചാത്താപം രാത്രിയിലും രാത്രി കുറ്റം ചെയ്തവരുടെ പശ്ചാത്താപം പകലും സ്വീകരിക്കാൻ അല്ലാഹു സന്നദ്ധനാകുന്നു. ഈ പ്രക്രിയ സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുന്നതുവരെ –അന്ത്യദിനം– വരെ തുടരും" (മുസ്‌ലിം).

ജീവിതത്തിൽ വിശുദ്ധി പുലർത്തുന്ന പുണ്യവാളന്മാർ പാപികളിൽനിന്ന് പൂർണമായും അകന്നു നിൽക്കാറാണ് പതിവ്. ഇത് കുറ്റവാളികൾക്ക് സച്ചരിതരുമായി സഹവസിക്കാനുള്ള അവസരം ഇല്ലാതാക്കുന്നു. അതിനാലവർക്ക് അടുപ്പം തങ്ങളെപ്പോലെ വഴിതെറ്റി ജീവിക്കുന്നവരുമായിട്ടായിരിക്കും. അവർക്ക് മാറിച്ചിന്തിക്കാനുള്ള അവസരമാണിത് നഷ്ടപ്പെടുത്തുന്നത്.

പാപ പങ്കിലമായ ജീവിതം നയിക്കുന്ന പലരും പശ്ചാത്താപത്തെപ്പറ്റി പൂർണമായും പ്രതീക്ഷ നശിച്ചവരായിരിക്കും. അതുകൊണ്ട് തങ്ങളകപ്പെട്ട തിന്മകളിൽനിന്ന് കരകയറാൻ ശ്രമിക്കാതെ അവർ അതിൽതന്നെ കഴിയുന്നു. ഒരു തിരിച്ചുവരവ് സാധ്യമാണെന്ന് ബോധ്യപ്പെടുത്തിയാൽ ചിലരെങ്കിലും വിശുദ്ധിയുടെ വഴി തെരഞ്ഞെടുക്കും.

മൂസാ നബിയെപ്പോലെ കുറ്റം ഏറ്റു പറഞ്ഞ് പശ്ചാത്തപിക്കുന്നവർക്കാണ് പ്രപഞ്ചനാഥൻ പാപമോചനം വാഗ്ദാനം ചെയ്തത് (ഖുർആൻ 28:15,16). തങ്ങളുടെ വീഴ്ചകളിൽ ആത്മാർഥമായ ദുഃഖവും ഖേദവും തോന്നുമ്പോഴേ ഇത് സാധ്യമാവുകയുള്ളൂ. പാപങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവുംവിധം ശ്രമിക്കുകയും വേണം. അപ്പോൾ ആകാശം മുട്ടുമാറ് തെറ്റു ചെയ്തവർക്കും ആശക്കവകാശമുണ്ട്.

അതേസമയം താൻ തെറ്റൊന്നും ചെയ്തിട്ടില്ലെന്ന് ധരിക്കുകയും അങ്ങനെ അവകാശപ്പെടുകയും പശ്ചാത്താപത്തിനും പാപമോചന പ്രാർഥനക്കും വിമുഖത കാണിക്കുകയും ചെയ്യുന്നവരുടെ മേൽ അല്ലാഹു കാരുണ്യം വർഷിക്കുകയില്ല. അല്ലാഹുവിന്റെ പ്രവാചകൻ പോലും എന്നും പാപമോചന പ്രാർഥന നടത്താറുണ്ടായിരുന്നു. ഒരു തവണയല്ല; അനേകം തവണ.

പലരും തങ്ങളുടെ അപരാധങ്ങളെ ആദർശവത്കരിക്കാൻ ശ്രമിക്കുന്നു. കാപട്യത്തിന് ആത്മാർഥതയുടെ ആവരണമണിയിക്കുന്നു. പലരും കുറ്റകരമായ ആത്മവഞ്ചന നടത്തുന്നവരാണ്.

പാപവൃത്തികളോട് അൽപമെങ്കിലും അറപ്പോ വെറുപ്പോ അവരിലുണ്ടാവില്ല. അതിനാലവർക്ക് പശ്ചാത്താപത്തിനും പാപമോചനത്തിനും അവസരം നഷ്ടപ്പെടുന്നു. അത്തരക്കാർക്ക് താൽക്കാലികമായ നേട്ടങ്ങളെന്തെങ്കിലുമൊക്കെ ഉണ്ടായാലും മരണത്തോടെയോ അതിനു മുമ്പോ നിന്ദ്യതയും ഹീനതയും അവരെ വലയം ചെയ്യാതിരിക്കില്ല. പരലോകത്ത് അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് ഇരയാവുകയും ചെയ്യും.

മറിച്ച്, തങ്ങളുടെ വീഴ്ചകളും തെറ്റുകളും പരസ്യമായി സമ്മതിച്ച് കുറ്റം ഏറ്റുപറയുന്നവർ പരലോകത്തെന്ന പോലെ ഈ ലോകത്തും അനുഗൃഹീതരായിത്തീരുന്നു. സമൂഹത്തിലവർ സൽപേരിന്നർഹരായി മാറുന്നു. താൻ വളരെ രഹസ്യമായി ചെയ്ത വ്യഭിചാരക്കുറ്റം സ്വയം ഏറ്റുപറഞ്ഞ് വധശിക്ഷ സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ മാഇസ്(റ) ചരിത്രത്തിൽ ആരുമാകുമായിരുന്നില്ല. ജുഹൈന ഗോത്രക്കാരിയുടെ അനുഭവവും ഇതുതന്നെ.

ജുഹൈന ഗോത്രത്തിൽ നിന്നും അവിഹിത വേഴ്ചയിലൂടെ ഗർഭിണിയായ ഒരു സ്ത്രീ പ്രവാചക സന്നിധിയിൽ വന്നു പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഞാൻ ശിക്ഷാർഹയാണ്. അത് എന്റെ മേൽ നടപ്പാക്കിയാലും."

"അവളെ ഒരുവിധത്തിലും വിഷമിപ്പിക്കരുത്. നല്ല നിലയിൽ അവളുമായി സഹവസിക്കുകയും പ്രസവിച്ചാൽ ഇവിടെ കൊണ്ടുവരികയും ചെയ്യുക"– നബി അവരുടെ രക്ഷിതാവിനെ വിളിച്ചു പറഞ്ഞു.

അങ്ങനെ അയാൾ ആജ്ഞാനുസൃതം അവളെ കൊണ്ടുവന്നു. അപ്പോൾ നബിയുടെ നിർദേശാനുസരണം അവളെ ബന്ധിച്ചു. പിന്നീട് അവരെ കല്ലെറിയുകയും തുടർന്ന് തിരുമേനി അവർക്കു വേണ്ടി ജനാസ നമസ്കരിക്കുകയും ചെയ്തു. അപ്പോൾ ഉമറുൽ ഫാറൂഖ് ചോദിച്ചു: 'വ്യഭിചാരിണിക്കു വേണ്ടി താങ്കൾ നമസ്കരിക്കുകയോ?'

"തീർച്ചയായും അവളുടെ പശ്ചാത്താപം മദീനക്കാരായ എഴുപത് പേർക്കിടയിൽ വിഭജിക്കപ്പെട്ടാൽ അവർക്കെല്ലാം അത് മതിയാകുമായിരുന്നു. അവർ തന്റെ ജീവൻ അല്ലാഹുവിന് അർപ്പിച്ചതിനെക്കാൾ ശ്രേഷ്ഠതരമായി മറ്റു വല്ലതും താങ്കൾ കാണുന്നുണ്ടോ?"– പ്രവാചകൻ ചോദിച്ചു (മുസ്‌ലിം).

വ്യക്തി ജീവിതത്തിൽ സ്വകാര്യമായി സംഭവിച്ച തെറ്റുകൾ മറ്റുള്ളവരുമായി ബന്ധപ്പെടുന്നവയല്ലെങ്കിൽ അല്ലാഹുവോട് സ്വയം ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കുകയും മാപ്പ് ചോദിക്കുകയുമാണ് വേണ്ടത്. ഇനി തെറ്റ് ചെയ്തത് മറ്റുള്ളവരോടാണെങ്കിൽ അവരോട് അതേറ്റു പറഞ്ഞ് പ്രായശ്ചിത്തം ആവശ്യമെങ്കിൽ അതും നിർവഹിച്ച ശേഷമാണ് പശ്ചാത്താപവും പാപമോചന പ്രാർഥനയും നടത്തേണ്ടത്. ഇങ്ങനെ ചെയ്യുന്നവർക്കെല്ലാം അല്ലാഹു മാപ്പ് നൽകുകതന്നെ ചെയ്യും. അതിനാൽ "തങ്ങളോടു തന്നെ അതിക്രമം കാണിച്ച എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശരാവരുത്. സംശയം വേണ്ട, അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുതരുന്നവനാണ്. ഉറപ്പായും അവൻ ഏറെ പൊറുക്കുന്നവനാണ്. പരമദയാലുവും" (39:53). ■